ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ പി ഒ , തിരുവനന്തപുരം 695035,
ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080
ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

ഇ . എച്ച് 1/6610 /2024/ആ.വ .ഡ തീയതി: 15-03-2024

# സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2024 -ലെ പൊതു സ്ഥലം മാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ.(പി) നമ്പർ.03/2017/ഉ.ഭ.പ.വ. തീയതി. 25.02.2017.

2. സ.ഉ.(സാധാ) നമ്പർ.744/2024/ആ.കു.വ. തീയതി. 12.03.2024

3. സർക്കുലർ നം. ഇ . എച്ച് 1/ 7074/2022ആ.വ .ഡ തീയതി- 12/03/2024

പരാമർശം ഉത്തരവ് 2 പ്രകാരം ആരോഗ്യ വകുപ്പിൽ 2024 -ലെ പൊതു സ്ഥലംമാറ്റത്തിനായി മാർച്ച് മാസം 18 മുതൽ ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരിക്കുന്നു. സ്പാർക്ക് അപ്ഡേഷൻ പരിശോധിക്കുമ്പോൾ മേൽ പരാമർശം 3 സർക്കുലർ പ്രകാരം നൽകിയിരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് Sanctioned Post അപ്ഡേഷൻ വലിയൊരു വിഭാഗം സ്ഥാപനങ്ങളും പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു. Sanctioned Post അപ്ഡേഷൻ പൂർത്തിയാക്കിയാൽ മാത്രമേ ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിന് കഴിയുകയുള്ളു. നിലവിൽ ഏതാനും തസ്തികകളിൽ നിലവിലുള്ള എണ്ണവും അനുവദിക്കപ്പെട്ട എണ്ണവും തമ്മിലുള്ള അന്തരം സ്പാർക്കിൽ നിന്നും ലഭ്യമായത് താഴെച്ചേർക്കുന്നു.

1. Assistant Surgeon( Sanctioned - 3412,Existing - 4431)

2. Clerk( Sanctioned - 1611,Existing - 2299)

3. Clinical Psychologist( Sanctioned - 17,Existing - 18)

4. Dental Hygenist( Sanctioned - 107,Existing - 117)

5. Dental Machanic( Sanctioned - 57,Existing - 58)

6. Fair Copy Superintendent( Sanctioned - 7,Existing - 8)

7. Head Clerk( Sanctioned - 133,Existing - 134)

8. Junior Consultant, Anaesthesia( Sanctioned - 125,Existing - 138)

9. Junior Consultant, Dermatology and Venerology( Sanctioned - 60,Existing - 66)

10. Junior Consultant, General Medicine( Sanctioned - 137,Existing - 151)

11. Junior Consultant, General Surgery( Sanctioned - 90,Existing - 114)

12. Junior Consultant, Obstetrics and Gynaecology( Sanctioned - 227,Existing - 244)

13. Junior Consultant, Orthopedic Surgery( Sanctioned - 107,Existing - 117)

14. Junior Consultant, Paediatrics( Sanctioned - 178,Existing - 191)

15. Junior Consultant, Psychiatry( Sanctioned - 55,Existing - 63)

16. Junior Consultant, Radiodiagnosis/Radiotherapy( Sanctioned - 33,Existing - 40)

17. Junior Consultant, Respiratory Medicine/TB and Chest Disease (Pulmonology)( Sanctioned - 55,Existing - 56)

18 Junior Consultant, Transfusion Medicine( Sanctioned - 7,Existing - 8)

19. Junior Health Inspector( Sanctioned - 2122,Existing - 3147)

20. Junior PH Nurse( Sanctioned - 3573,Existing - 4366)

21. Junior Supdt.( Sanctioned - 89,Existing - 90)

22. Laboratory Technician( Sanctioned - 1023,Existing - 1402)

23. Nursing Officer( Sanctioned - 2946,Existing - 3520)

24. Pharmacist( Sanctioned - 1295,Existing - 1743)

25. Radiographer( Sanctioned - 207,Existing - 217)

26. Senior Optometrist( Sanctioned - 62,Existing - 63)

27. Typist( Sanctioned - 126,Existing - 200)
28. Vice Principal ( Sanctioned - 15,Existing - 16)

എല്ലാ സ്ഥാപന മേധാവികളും മേൽ പരാമർശം 3 സർക്കുലർ പ്രകാരം നൽകിയിരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് Sanctioned Post അപ്ഡേഷൻ നടപടികൾ 16/03/2024 ഉച്ചയ്ക്ക് ഒരു മണിയ്ക്ക് മുൻപായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് . സ്പാർക്കിലെ Sanctioned Post അപ്ഡേഷനിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതു സ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപനമേധാവികൾക്കായിരിക്കും. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

പരാമർശം ഉത്തരവ് 2 -ന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീയതികളിലായി 2024 -ലെ പൊതു സ്ഥലംമാറ്റ നടപടികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം 18/03/2024 മുതൽ 27/03/2024 -ന് വൈകുന്നേരം 5.00 മണിവരെ ആയിരിക്കും .

2 . ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച്03/04/2024 -ന് വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി ജില്ലാ മെഡിക്കൽ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്

3 . ജില്ലാ മെഡിക്കൽ ആഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 08/04/2024 -ന് വൈകുന്നേരം 5.00 മണി ആയിരിക്കും .

4. കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : 18/04/2024

5. കരടിന്മേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി : 23/04/2024

6. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : 30/04/2024

മേൽ പരാമർശം ഉത്തരവ് 1 -ന്റെ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ Annexure -1 ആയും , അപേക്ഷ സമർപ്പിക്കേണ്ടതായ രീതി, സ്ഥാപന മേധാവിയുടേയും, ജില്ലാ മെഡിക്കൽ ഓഫീസറുടേയും കർത്തവ്യങ്ങൾ എന്നിവ വിശദമാക്കുന്ന User Manual ഇതോടൊപ്പം Annexure - II ആയും ഉള്ളടക്കം ചെയ്യുന്നു.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സംശയ നിവാരണത്തിനായി ആരോഗ്യ വകുപ്പ് കാര്യാലയത്തിലെ ഇ.എച്ച് സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ് ഫോൺ നമ്പർ -04712519266.

Signed by
Dr Reena K J
Date: 15-03-2024 17:32:32

ഡോ . റീന കെ. ജെ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് :- എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് :- ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്